"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ-ശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- ആശ്വാസ നിധി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.236/2026/WCDD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.701/2018/സാ.നീ.വ. തീയതി. 10.12.2018.
2. സ.ഉ.(സാധാ) നം.101/2021//സാ.നീ.വ തീയതി. 08.11.2021.
3. സ.ഉ.(സാധാ) നം.488/2023/WCDD തീയതി. 04.09.2023.
4. 13.05.2026 ന് കൂടിയ 10-ാമത് ആശ്വാസനിധി സംസ്ഥാന-തല സ്ക്രീനിംഗ് കമ്മിറ്റി തീരുമാനം.
5. വനിതാ-ശിശു വികസന ഡയറക്ടറുടെ 23.06.2026-ലെ DWCD/5453/2025-NCD(1) നം. കത്ത്.

**<u>ഉത്തരവ്</u>**

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്‌സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി 'ആശ്വാസനിധി' എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതി ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. ആശ്വാസനിധി പദ്ധതിയ്ക്ക് ജില്ലാതല സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചും മുൻ ഉത്തരവ് ഭേദഗതി ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ആശ്വാസനിധി പദ്ധതി പ്രകാരം സമർപ്പിച്ച DWCD/5453/2025-NCD-Palakkad DCPO അപേക്ഷ-4 പ്രകാരമുള്ള അതിജീവിതയുടെ അപേക്ഷ 13.05.2026-ലെ ആശ്വാസ നിധി പദ്ധതിയുടെ 10-ാമത് സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി സൂക്ഷ്മമായും വിശദമായും വിശകലനം ചെയ്തതിൽ, പ്രസ്തുത അപേക്ഷ പ്രകാരമുള്ള അതിജീവിതയ്ക്ക് സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ ചെയ്ത 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കാവുന്ന ലൈംഗികാതിക്രമമാണ് അതിജീവിത നേരിട്ടിട്ടുള്ളതെന്നും എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസം കാരണം സർക്കാർ അനുമതിയോടു കൂടി മാത്രമേ

ധനസഹായം അനുവദിക്കാൻ സാധിക്കുകയുള്ളു എന്നും കമ്മിറ്റി നിരീക്ഷിച്ചതായും ഈ സാഹചര്യത്തിൽ മേൽ അതിജീവിതയ്ക്ക് സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി ശുപാർശ ചെയ്ത തുക ആശ്വാസനിധി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13.05.2026-ലെ ആശ്വാസ നിധി പദ്ധതിയുടെ 10-ാമത് സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി യോഗ നടപടിക്കുറിപ്പിലെ DWCD/5453/2025-NCD-Palakkad DCPO അപേക്ഷ-4 പ്രകാരമുള്ള അതിജീവിതയ്ക്ക് 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ ആശ്വാസ നിധി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 08-07-2026 13:55:00
സെക്ഷൻ ഓഫീസർ